# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

*[Mahatma Gandhi NREGA Social Audit Society Kerala (MGNSASK)]*

---

**30.03.2023 (വ്യാഴാഴ്ച) 2 P.M-ന്**

**ചെയർമാൻ ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്സ്**

**(സെക്രട്ടറി,സ്പോർട്ട്സ് & യൂത്ത് അഫയേഴ്സ്) ന്റെ അധ്യക്ഷതയിൽ ചേർന്ന**

**16-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ**

# മിനിട്ട്സ്

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള 30.03.2023 ഉച്ചയ്ക്ക് 2 മണിക്ക് ചേർന്ന 16-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 15-ാമത് ഗവേർണിംഗ് ബോഡി യോഗം 2023 മാർച്ച് 30-ാം തീയതി ഉച്ചയ്ക്ക് 2.00 മണിക്ക് ബഹു. ചെയർമാൻ ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്സ് (സെക്രട്ടറി, സ്പോർട്ട്സ് & യൂത്ത് അഫയേഴ്സ്) അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിലെ പങ്കാളിത്തവും നടപടി ക്രമങ്ങളും ചുവടെ ചേർക്കുന്നു.

**ഹാജർ:**

1. ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ് (ചെയർമാൻ)
2. ഡോ.എൻ.രമാകാന്തൻ (കൺവീനർ)
3. ശ്രീ. സുരേഷ്കുമാർ ആർ.എസ്. (സീനിയർ ഡപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ),മെമ്പർ
4. ശ്രീ. എസ്. രാജേന്ദ്രൻ (മെമ്പർ)
5. ശ്രീ. കെ. അനിമോൻ (മെമ്പർ)
6. ശ്രീമതി. സുധ (ഡയറക്ടർ കില, സി.എച്ച്. ആർ.ഡി., കൊട്ടാരക്കര)
7. ശ്രീ. എം.എസ്. ബിജുക്കുട്ടൻ (അക്കൗണ്ടന്റ് ജനറൽ, എൽ.എസ്.ജി.ഡി)
8. ശ്രീമതി. ശിവന്യ (ജെ.ഡി. വിമൺ& ചൈൽഡ് ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റ്), മെമ്പർ
9. ഡോ. ബി. ശ്രീജിത്ത് (പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ)

## യോഗ നടപടിക്രമങ്ങളും തീരുമാനങ്ങളും

**1. 2023 മാർച്ച് 14-ാം തീയതി ചേർന്ന 15-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ**

**തീരുമാനം:**

14-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് യോഗം അംഗീകരിച്ചു.

**2. ഗവേർണിംഗ് ബോഡി തീരുമാനങ്ങളിമേൽ കൈക്കൊണ്ട നടപടികൾ സംബന്ധിച്ച പുരോഗതി റിപ്പോർട്ട്**

**തീരുമാനം:**

15-ാമത് ഗവേർണിംഗ് യോഗ തീരുമാനങ്ങൾ എല്ലാം തന്നെ നടപ്പാക്കിയതിൽ യോഗം സംതൃപ്തി രേഖപ്പെടുത്തി.

**3. സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ നിലവിലുള്ള ഒഴിവുകളിലേക്കുള്ള നിയമനം**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ നിലവിലുള്ള ഒഴിവുകളിലേക്കുള്ള നിയമന നടപടികൾ മെയ് ആദ്യവാരത്തോടെ പൂർത്തിയാക്കുന്നതിന് തീരുമാനിച്ചു.

**Dr. N. RAMAKANTAN**
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat

**4. 2023-24 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ബഡ്ജറ്റ് അംഗീകരിക്കൽ**

**തീരുമാനം:**

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് യോഗം അംഗീകരിച്ചു.

**5. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിലെ ദിവസവേതനക്കാരായ ഓഫീസ് ജീവനക്കാരെ കരാർ ജീവനക്കാരായി ഉയർത്തി വേതനം പുതുക്കി നിശ്ചയിക്കൽ**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിലെ ദിവസവേതനക്കാരായ ഓഫീസ് ജീവനക്കാരെ കരാർ ജീവനക്കാരായി മാറ്റുന്നതിനുള്ള നിർദ്ദേശം യോഗം അംഗീകരിച്ചു. ഇതു സംബന്ധിച്ച് സർക്കാരിന് അധിക സാമ്പത്തിക വരുന്നില്ല എന്ന് വ്യക്തമാക്കിക്കൊണ്ട് സർക്കാരിനെ അറിയിക്കുന്നതിനും അംഗീകാരം വാങ്ങുന്നതിനും തീരുമാനിച്ചു.

**6. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിലെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം** (എം.ഐ.എസ്) **എക്സ്പെർട്ടിന്റെ വേതനം പുതുക്കി നിശ്ചയിക്കൽ**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിലെ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (എം.ഐ.എസ്) എക്സ്പെർട്ടിന്റെ വേതനം പ്രതിമാസം 25,000/-(ഇരുപത്തിയ്യായിരം രൂപ) രൂപയിൽ നിന്നും 30,000/- (മുപ്പതിനായിരം രൂപ) രൂപയായി പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചു.

**7. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ചിട്ടയാക്കുന്നതിനും ഗുണമേന്മ ഉയർത്തുന്നതിനും സഹായകമായ ശില്പശാലകൾ സംഘടിപ്പിക്കൽ**

**തീരുമാനം:**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ കൂടുതൽ ചിട്ടയായും കാര്യക്ഷമമായും മാറ്റുന്നതിന് സഹായകമായ നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനും വിശദമായ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും പ്രാദേശിക ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട വിവിധ വിഭാഗം ആളുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലകൾ സംഘടിപ്പിക്കുന്നതിനും ഇതിൽ നിന്നും രൂപപ്പെട്ടുവരുന്ന ആശയങ്ങളുടെയും നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനും തീരുമാനിച്ചു. ഇത്തരം ശില്പശാലകളുടെ ഷെഡ്യൂൾ തയ്യാറാക്കി നടപ്പാക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

**Dr. N. RAMAKANTAN**
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

**PRANABJYOTI NATH IAS**
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram

8. **പുതുതായി തെരഞ്ഞെടുത്ത് പരിശീലനം പൂർത്തിയാക്കിയ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ നിയമനം**

**തീരുമാനം:**

പുതുതായി തെരഞ്ഞെടുത്ത് മുപ്പത് ദിവസത്തെ പരിശീലനം പൂർത്തിയാക്കിയ 111 ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരെ അതത് ജില്ലയിലെ ഒഴിവുള്ള ബ്ലോക്കുകളിലേക്ക് ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരായി 2023 ഏപ്രിൽ 10-ാം തീയതി മുതൽ നിയമനം നൽകുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

9. **ചെയർമാൻ അനുവദിക്കുന്ന മറ്റ് കാര്യങ്ങൾ**

1. **സോഷ്യൽ ഓഡിറ്റ് ഗുണമേന്മ ഉയർത്തുന്നതിന് സഹായകമായ ടെസ്റ്റ് ഓഡിറ്റ്:**

**തീരുമാനം:**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കി വരുന്ന സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉയർത്തുന്നതിന് സഹായകമായ ടെസ്റ്റ് ഓഡിറ്റ് 5% പഞ്ചായത്തുകളിൽ നടത്തുന്നതിന് തീരുമാനിച്ചു. 2023 ഏപ്രിൽ മാസം അതത് ജില്ലയിലെ ജില്ല-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ ചുമതലയിൽ ടെസ്റ്റ് ഓഡിറ്റ് നടത്തുന്നതിന് തീരുമാനിച്ചു.

ഇതിനായി താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അംഗീകരിക്കുകയുണ്ടായി.

1. ഓരോ ജില്ലയിലേയും ഏറ്റവും കൂടുതൽ തുക ചെലവഴിച്ചതും ഏറ്റവും കൂടുതൽ നിർവ്വഹണ പ്രശ്നങ്ങൾ നിലനിൽക്കുന്നതുമായ പഞ്ചായത്തുകൾ.
2. കൂടുതൽ തുക ചെലവഴിച്ചതും ഏറ്റവും കുറച്ച് നിർവ്വഹണ പ്രശ്നങ്ങൾ നിലനിൽക്കുന്നതുമായ പഞ്ചായത്തുകൾ.
3. ഏറ്റവും കുറച്ച് തുക ചെലവഴിച്ചതും ഏറ്റവും കൂടുതൽ നിർവ്വഹണ പ്രശ്നങ്ങൾ നിലനിൽക്കുന്നതുമായ പഞ്ചായത്തുകൾ.
4. ഏറ്റവും കുറച്ച് തുക ചെലവഴിച്ചതും ഏറ്റവും കുറച്ച് നിർവ്വഹണ പ്രശ്നങ്ങൾ നിലനിൽക്കുന്നതുമായ പഞ്ചായത്തുകൾ.

2. **സോഷ്യൽ ഓഡിറ്റ് ജില്ലാ റിസോഴ്സ് പേഴ്സൺ, ബ്ലോക്ക് റിസോഴ്സ് പേഴ്സൺ എന്നിവരുടെ സ്ഥലമാറ്റം- ജില്ലയിലെ ബ്ലോക്ക്-വില്ലേജ് റിസോഴ്സ്പേഴ്സൺമാരുടെ ചുമതലകൾ മാറ്റി നിശ്ചയിക്കൽ**

**തീരുമാനം:**

തൃശ്ശൂർ ജില്ലയിൽ നിലവിൽ പരിചയ സമ്പന്നരായ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ ആരും തന്നെ ഇല്ലാത്ത സാഹചര്യത്തിൽ തൊട്ടടുത്ത ജില്ലയായ പാലക്കാട് ജില്ലയിലെ ജില്ലാ റിസോഴ്സ് പേഴ്സൺ ആയ ശ്രീ. ഗിരീഷ്.കെ.യെ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ചു

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat

കൊണ്ട് താല്ക്കാലികമായി സ്ഥലം മാറ്റി തൃശ്ശൂർ ജില്ലാ റിസോഴ്സ് പേഴ്സൺ ആയും ശ്രീമതി. അനുശ്രീ.എ.ജെയെ അവരുടെ ജില്ലയായ തിരുവനന്തപുരത്ത് പാറശ്ശാല ബ്ലോക്കിൽ ബ്ലോക്ക് റിസോഴ്സ് പേഴ്സണായും നിയമിക്കുന്നതിന് തീരുമാനിച്ചു. പാലക്കാട് ജില്ലാ റിസോഴ്സ് പേഴ്സണിന്റെ അധികചുമതല ശ്രീകൃഷ്ണപുരം ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ആയ ശ്രീമതി. എൻ.എ.ലിസ്സിക്ക് നൽകുന്നതിനും തീരുമാനിക്കുകയുണ്ടായി.

3. **സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമായും ചിട്ടയായും നടപ്പാക്കുന്നതിൽ** ഡയറക്ടർ ഡോ.എൻ.രമാകാന്തൻ നൽകിയ നേതൃത്വപരമായ മികവിൽ യോഗം അഭിനന്ദിക്കുകയുണ്ടായി. സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് സംസ്ഥാനമായി കേരള ത്തിന് മാറാൻ കഴിഞ്ഞത് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെയും ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും ഒഴിവുകൾ സുതാര്യമായും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും പരാതി രഹിതമായും പൂർത്തിയാക്കുന്നതിന് ഡയറക്ടർ വഹിച്ച സുത്യർഹമായ സേവനങ്ങളുടെ കൂടി അടിസ്ഥാനത്തിലാണ്. സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് സംസ്ഥാനമായി കേരളത്തിന് മാറാൻ കഴിഞ്ഞതിൽ ഡയറക്ടർ വഹിച്ച നേതൃത്വപരമായ പങ്ക് യോഗം അംഗീകരിക്കുകയും അഭിനന്ദനം രേഖപ്പെടുത്തുകയും ചെയ്തു. മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡിനായി പരിഗണിക്കുന്നതിനും സോഷ്യൽ ഓഡിറ്റ് യൂണിറ്റിനെ നിർദ്ദേശിക്കുന്നതിന് തീരുമാനിച്ചു.

4. **സോഷ്യൽ ഓഡിറ്റ് സൊസൈറ്റിക്ക് ആവശ്യമായ മനുഷ്യവിഭവശേഷി നയം തയ്യാറാക്കൽ**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ സേവന വ്യവസ്ഥകൾ വ്യക്തമാക്കുന്ന ഹ്യൂമൺ റിസോഴ്സ് പോളിസി (Human Resource Policy) യുടെ കരട് തയ്യാറാക്കുന്നതിന് ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

**ഡോ .എൻ.രമാകാന്തൻ**
ഡയറക്ടർ
എസ്.എ.യു.കേരള

**Dr. N. RAMAKANTAN**
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

**പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്**
ചെയർമാൻ,ഗവേർണിംഗ് ബോഡി എസ്.എ.യു.കേരള
സ്പോർട്ട്സ് & യൂത്ത് അഫയേഴ്സ് സെക്രട്ടറി.

**PRANABJYOTI NATH IAS**
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram